## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 20 4-2-2013 ലെ മറുപടിക്ക്

**മന്ത്രിമാരുടെ അന്യ സംസ്ഥാനത്തേക്കുള്ള യാത്രകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ. എസ്. സലീഖ. | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) | സംസ്ഥാനത്തെ മന്ത്രിമാരുടെ മുന്നറിയിപ്പില്ലാത്ത സന്ദർശനങ്ങളെച്ചൊല്ലി കർണ്ണാടകവും കേരളവും തമ്മിൽ എന്തൊക്കെ പ്രശ്നങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്; വിശദമാക്കുമോ ; | എ) | സംസ്ഥാനത്തെ മന്ത്രിമാരുടെ മുന്നറിയിപ്പില്ലാത്ത സന്ദർശനങ്ങളെച്ചൊല്ലി കർണ്ണാടകവും കേരളവും തമ്മിൽ യാതൊരു പ്രശ്നങ്ങളും നിലവിലില്ല. എന്നാൽ കർണ്ണാടക സർക്കാരിന്റെ 4/12/2012 ലെ DPAR/107/HGG/12 നംപർ കത്തിൽ മുഖ്യമന്ത്രി ഒഴികെയുള്ള മറ്റ് മന്ത്രിമാർക്ക് കർണ്ണാടകം സന്ദർശിക്കുംപോൾ നൽകിവരുന്ന "സർക്കാർ അതിഥി" പദവിയും അനുബന്ധ ക്രമീകരണങ്ങളും നിർത്തലാക്കുന്നതായി അറിയിക്കുകയുണ്ടായി. ഇതിനെ തുടർന്ന് കേരളവും, സംസ്ഥാനം സന്ദർശിക്കുന്ന കർണ്ണാടക മന്ത്രിമാർക്ക്, നൽകിവരുന്ന സർക്കാർ അതിഥി പദവിയും അനുബന്ധ ക്രമീകരണങ്ങളും നിർത്തലാക്കുകയുണ്ടായി. |
| ബി) | സംസ്ഥാനത്തെ ചില മന്ത്രിമാരുടെ ഔദ്യോഗികമായ വിവരങ്ങൾ കൈമാറാതെയുള്ള അടിക്കടി ബാംഗ്ളൂർ സന്ദർശനമാണ് കർണ്ണാടകയെ ചൊടിപ്പിച്ചതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി) | ഇപ്രകാരം ഔദ്യോഗിക വിവരങ്ങൾ കൈമാറാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ ബാംഗ്ളൂർ സന്ദർശിച്ച സംസ്ഥാന മന്ത്രി ആരെന്ന് വ്യക്തമാ ക്കുമോ; ആയതിന്റെ ഫലമായി എത്ര | സി) | ഔദ്യോഗിക വിവരങ്ങൾ കൈമാറാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ മന്ത്രിമാർ കർണ്ണാടകം സന്ദർശിച്ചിതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | കോടി രൂപ സംസ്ഥാന ഖജനാവിന് ചെലവായി; ഇതിൽ ഔദ്യോഗികമായി എത്ര യാത്രകൾ; അനൗദ്യോഗികമായി എത്ര യാത്രകൾ; വിശദാംശം വ്യക്തമാക്കുമോ ; | | |
| ഡി) | ഇപ്രകാരം മുന്നറിയിപ്പില്ലാതെ മറ്റ് സംസ്ഥാനങ്ങളിലേക്കുള്ള മന്ത്രിമാരുടെയും അനുഗമിക്കുന്നവരുടെയും യാത്ര നിയന്ത്രിക്കുവാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | ഡി) | ബാധകമല്ല |
| ഇ) | ഇപ്പോഴത്തെ സംസ്ഥാന മന്ത്രിമാരുടെ മുന്നറിയിപ്പില്ലാതെയുള്ള ബാംഗ്ളൂർ യാത്രകൾ കാരണം കേരളവും കർണാടകവും 'ആതിഥ്യമര്യാദ' ഉപേക്ഷിച്ചത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | ഇ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ